# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 24** **28.05.2019-ന് മറുപടി നൽകേണ്ടത്**

## വോട്ടർപ്പട്ടികയിൽ നിന്നും പേര് നീക്കിയ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അന്വർ ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഇക്കഴിഞ്ഞ ലോകസഭ തിരഞ്ഞെടുപ്പിൽ കരട് വോട്ടർ പ്പട്ടികയിൽ പേരുണ്ടായിരുന്ന പലരുടെയും പേരുകൾ അന്തിമ വോട്ടർ പ്പട്ടികയിൽ നിന്നും നീക്കം ചെയ്തുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സമ്മതിദായക പട്ടികയിൽ പേര് ഉൾപ്പെടുത്തി യില്ല/നീക്കം ചെയ്തു തുടങ്ങിയവ ഉന്നയിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. |
| ബി) യു.ഡി.എഫ്. ആഭിമുഖ്യമുള്ള വോട്ടർ മാരെ അനധികൃതമായി അന്തിമ വോട്ടർ പ്പട്ടികയിൽ നിന്നും ഒഴിവാക്കിയെന്ന ആക്ഷേപത്തിൽ ഉദ്യോഗസ്ഥരുടെ നടപടിയെ സംബന്ധിച്ച് അന്വേഷിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ; | (ബി) യും (സി) യും (ഡി) യും | സമ്മതിദായക പട്ടികയിൽ നിന്നും പേര് നീക്കം ചെയ്യപ്പെട്ടു എന്ന ആക്ഷേപങ്ങൾ ചീഫ് ഇലക്ടറൽ ഓഫീസർ പരിശോധിച്ചു വരികയാണ്. പേര് നീക്കം ചെയ്യപ്പെടുന്നതിന് മുമ്പ് പാലിക്കേണ്ട നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധനയ്ക്കു ശേഷം മാത്രമേ കണ്ടെത്തുവാനും, ഉചിതമായ നടപടി സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| സി) വോട്ടർപ്പട്ടികയിൽ നിന്നും പേര് നീക്കം ചെയ്യുമ്പോൾ ബന്ധപ്പെട്ട വോട്ടറെ രേഖാമൂലം അറിയിക്കണമെന്ന നിബന്ധന | | |

പാലിക്കപ്പെടാതെ പോയത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കാമോ;

ഡി) തിരഞ്ഞെടുപ്പ് അട്ടിമറിക്കുവാൻ ശ്രമം നീക്കം നടന്നതായുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

സെക്ഷൻ ഓഫീസർ